രോഗവാഹികളായ മത്സ്യക്കുഞ്ഞുങ്ങളെ ഒഴിവാക്കുന്നതിന് സർക്കാർ ഹാച്ചറികളിൽ നിന്നുതന്നെ മത്സ്യക്കുഞ്ഞുങ്ങളെ വാങ്ങുന്നതിനും പുറത്തുനിന്ന് വാങ്ങുകയാണെങ്കിൽ പി.സി.ആർ. ടെസ്റ്റിന് വിധേയമാക്കിയ മത്സ്യക്കുഞ്ഞുങ്ങളെ വാങ്ങുന്നതിനും കർഷകർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. ഇതിലേക്കായി അഡാക്കിന്റെ ആഭിമുഖ്യത്തിൽ പി.സി.ആർ. ടെസ്റ്റ് ലാബുകൾ സ്ഥാപിച്ചുവരുന്നു.

(സി) 2001-02-ൽ 78.40 ലക്ഷം രൂപ, 2002-03-ൽ 100 ലക്ഷം രൂപ, 2003-04-ൽ 100 ലക്ഷം രൂപയും മത്സ്യകർഷക വികസന ഏജൻസികൾക്ക് അനുവദിച്ച് നല്കുകയുണ്ടായി. അതിൻപ്രകാരം 2001-02-ൽ 9056 ഹെക്ടർ ജലാശയങ്ങൾ സർവേ നടത്തുകയും 2002-03-ൽ 618 ഹെക്ടർ ജലാശയങ്ങൾ സർവേ നടത്തുകയും 8239 ഹെക്ടർ മത്സ്യകൃഷി നടത്തുകയും 2030 കിലോഗ്രാം മത്സ്യം ഉല്പാദിപ്പിക്കുകയും ചെയ്തു. 2003-04-ൽ 782.42 ഹെക്ടർ സർവേ ചെയ്യുകയും 463.53 ഹെക്ടർ മത്സ്യകൃഷി നടത്തുകയും 149.68 ടൺ മത്സ്യം ഉല്പാദിപ്പിക്കുകയും ചെയ്തു. റിസർവോയർ ഫിഷറീസ് വികസനത്തിനായി 2001-02-ൽ 8 ലക്ഷം, 2002-03-ൽ 9.78 ലക്ഷം, 2003-04-ൽ 10 ലക്ഷം എന്നിങ്ങനെ അനുവദിക്കുകയുണ്ടായി. പ്രസ്തുത തുക ഉപയോഗിച്ച് സംസ്ഥാനത്തെ 10 ജലസംഭരണികളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചിട്ടുണ്ട്.

ജനകീയ മത്സ്യകൃഷി പദ്ധതി

70 [2790] ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയ മത്സ്യകൃഷി പദ്ധതി ഇപ്പോൾ നിലവിലുണ്ടോ;

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ മത്സ്യ മേഖലയിൽ എന്തെല്ലാം ജനകീയ പദ്ധതികളാണിപ്പോൾ നടപ്പാക്കി വരുന്നതെന്ന് വിശദമാക്കാമോ;

(സി) ജനകീയ മത്സ്യകൃഷി പദ്ധതിക്ക് ഫിഷറീസ് വകുപ്പിൽ നിന്നും എന്തെല്ലാം ആനുകൂല്യങ്ങൾ നല്കിവരുന്നുണ്ട്;

(ഡി) മത്സ്യകൃഷി വിപുലവും ആദായകരവുമാക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന മത്സ്യമേഖലയിലെ വിവിധ പദ്ധതികൾക്കുവേണ്ട പ്രോജക്ടുകൾ തയ്യാറാക്കി കൊടുക്കുന്നതും നിർവ്വഹണം നടത്തുന്നതും ഫിഷറീസ് വകുപ്പാണ്. കൂടാതെ തിരുവനന്തപുരം ജില്ലയിലെ ആക്കുളത്ത് ഒരു ശുദ്ധജല അക്വേറിയം മത്സ്യവകുപ്പിന്റെ ധനസഹായത്തോടെ ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ബാധകമല്ല.

(ഡി) എഫ്.എഫ്.ഡി.എ.-കളുടെ ആഭിമുഖ്യത്തിൽ കേന്ദ്ര സർക്കാരിന്റെ മാർഗ നിർദ്ദേശങ്ങൾക്ക് വിധേയമായിക്കൊണ്ടുള്ള ആനുകൂല്യങ്ങൾ മത്സ്യ കർഷകർക്ക് നല്കി വരുന്നുണ്ട്. മത്സ്യ കർഷകർക്കു വേണ്ട പരിശീലനം നല്കുക, പ്രോജക്ടുകൾ തയ്യാറാക്കി കൊടുക്കുക, മത്സ്യക്കുളങ്ങൾ സന്ദർശിച്ച് വേണ്ട നിർദ്ദേശങ്ങൾ നല്കുക എന്നിവയും ചെയ്യുന്നുണ്ട്. പുതുതായി ഈ രംഗത്തേയ്ക്ക് മത്സ്യകർഷകരെ ആകർഷിക്കുന്നതിനായി മത്സ്യക്കുഞ്ഞുങ്ങൾക്കും മത്സ്യത്തീറ്റയ്ക്കും, മത്സ്യക്കുളം വൃത്തിയാക്കുന്നതിനും പുതുതായി നിർമ്മിക്കുന്നതിനും ഹാച്ചറി നിർമ്മാണത്തിനും സബ്സിഡിയും നല്കുന്നുണ്ട്.

മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ

71 [2791] ശ്രീ. കെ. എൻ. എ. ഖാദർ :
,, സി. മോയിൻകുട്ടി :
,, ടി. പി. എം. സാഹിർ :
,, ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മത്സ്യത്തൊഴിലാളികൾക്ക് പഞ്ഞമാസങ്ങളിൽ സൗജന്യറേഷനും മറ്റ് ആശ്വാസ നടപടികളും ഏത് ഏജൻസി മുഖേനയാണ് എത്തിക്കുന്നത് എന്ന് വിശദമാക്കുമോ?

ഉത്തരം

സൗജന്യറേഷൻ റവന്യൂ വകുപ്പ് മുഖേനയും മറ്റ് ആശ്വാസ നടപടികൾ ഫിഷറീസ് വകുപ്പ് മുഖേനയുമാണ് എത്തിക്കുന്നത്.

മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് അംഗത്വവും പദ്ധതികളും

72 [2792] ഡോ. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ ആർക്കെല്ലാം അംഗത്വം ലഭിക്കുമെന്നും നിലവിൽ ഓരോ വിഭാഗത്തിലുംപെട്ട എത്ര അംഗങ്ങൾ വീതമുണ്ടെന്നും ഓരോ വിഭാഗത്തിൽനിന്നും എന്ത് തുക വീതം ക്ഷേമനിധി വിഹിതമായി പിരിക്കുന്നുവെന്നും വെളിപ്പെടുത്തുമോ;

(ബി) 2001-02 മുതൽ 2003-04 സാമ്പത്തിക വർഷം വരെയുള്ള ഓരോ വർഷവും ബോർഡ് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) മേൽപ്പറഞ്ഞ കാലയളവിൽ ഓരോ പദ്ധതിക്കും ലഭിച്ച അപേക്ഷകൾ, നിരാകരിച്ച അപേക്ഷകൾ, വിതരണം ചെയ്ത തുക എന്നീ വിവരങ്ങൾ അടങ്ങിയ സ്റ്റേറ്റ്മെന്റ് നൽകാമോ?

LIBRARY ARCHIVES Kerala Legislative Assembly